പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1641 18/06/2012 - ൽ മറുപടിക്ക്

രാമന്തളി നടപ്പാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| ഹാർബർ എൻജിനീയറിംഗ് വിഭാഗം മുഖാന്തിരം നിർമ്മിക്കേണ്ട രാമന്തളി നടപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിനെയും കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാലം നിർമ്മിക്കുന്നതിനായി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി 2010 ഷെഡ്യൂൾ നിരക്കിൽ 750 ലക്ഷം രൂപയുടെ ഭരണാനുമതി 29/03/2011-ൽ ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ ജനപ്രതിനിധികൾ ഇടപെടുകയും നടപ്പാലത്തിനു പകരമായി ഒരു Single lane bridge ആണ് ആവശ്യമെന്ന് അറിയിക്കുകയുമുണ്ടായി. ഇതിനിടയിൽ പുതുക്കിയ 2010 Schedule of Rate നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ നടപ്പാലത്തിനു പകരം Single lane പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പുതുക്കിയ 2010 Schedule of Rate പ്രകാരം |

പരിഷ്ക്കരിച്ച് നബാർഡിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

Reji Rajendran
സെക്ഷൻ ഓഫീസർ